**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6174** **09-11-2021 - ൽ മറുപടിയ്ക്ക്**

**തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരപ്രദേശ വികസനത്തിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി മത്സ്യനയം രൂപവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാന മത്സ്യമേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സോത്പ്പാദനം വർദ്ധിപ്പിക്കുക, മത്സ്യകൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യകർ ഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പ വരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ വരുമാനത്തിന് തുല്യമായി ഉയർത്തിക്കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി 2019-ൽ സംസ്ഥാന ഫിഷറീസ് നയം 2019 രൂപികരിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ മത്സ്യ നയം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനാവകാശം മത്സ്യത്തൊഴിലാളികൾക്ക്, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, മത്സ്യോത്പാദനത്തിൽ സ്വയം പര്യാപ്തത തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ ഊന്നിക്കൊണ്ട് പുതിയ ഒരു കരട് നയത്തിന് രൂപം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | തീരപ്രദേശങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന സംരക്ഷണഭിത്തി നിർമ്മാണമടക്കമുള്ള പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രവൃത്തികൾ പ്രധാനമായും മേജർ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. എന്നാൽ ഹാർബറിനോട് അനുബന്ധിച്ച് വരുന്ന തീരസംരക്ഷണ പദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, KSCADC എന്നിവ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. മലപ്പുറം ജില്ലയിലെ തവനൂർ മണ്ഡലത്തിൽ NABARD RIDF XXV ൽ ഉൾപ്പെടുത്തി പുറത്തൂർ |

| | | | |
|---|---|---|---|
| | | | തീരസംരക്ഷണ പ്രവൃത്തിയ്ക്ക് 117.76 ലക്ഷം രൂപ ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 6 തീരസംരക്ഷണ പ്രവൃത്തികൾക്ക് 9677.434 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതു പ്രകാരം പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. |
| (സി) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് എത്ര തുക ഈ സർക്കാരിന്റെ കാലത്ത് വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | ഫിഷറീസ് വകുപ്പ് മുഖേന വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ